2013-14 സാമ്പത്തിക വർഷത്തെ വായ്പത്തുക പൂർണ്ണമായും പ്രവർത്തന മൂലധന ചെലവുകൾക്കായാണ് വിനിയോഗിച്ചിട്ടുള്ളത്. 2014-15 സാമ്പത്തിക വർഷത്തെ വായ്പത്തുകയിൽ 39.56 കോടി രൂപ ബസ് ഷാസികൾ വാങ്ങുന്നതിനും 76.85 കോടി രൂപ ബോഡീബിൽഡിംഗ് സാമഗ്രികൾ വാങ്ങുന്നതിനും ശേഷിക്കുന്ന തുകയായ 150 കോടി രൂപ പ്രവർത്തനമൂലധന ചെലവുകൾക്കുമായാണ് വിനിയോഗിച്ചിട്ടുള്ളത്.

2011-12 സാമ്പത്തിക വർഷം മുതൽ 2014-15 സാമ്പത്തിക വർഷംവരെ ബസ്സുകൾ വാങ്ങുന്നതിനായി 123.30 കോടി രൂപ പദ്ധതി വിഹിത ഇനത്തിൽ കെ.എസ്.ആർ.ടി.സി-യ്ക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്.

ബസ്സുകൾ വാങ്ങുന്നതിനായി 162.86 കോടി രൂപ വിനിയോഗിച്ചു. ഈ തുക ഉപയോഗിച്ച് 933 ബസ്സുകൾ നിരത്തിൽ ഇറക്കിയിട്ടുണ്ട്. 2015-16 -ൽ അനുവദിച്ച 19.55 കോടി രൂപ വിനിയോഗിച്ച് ബസ്സുകൾ വാങ്ങുന്നതിന് അനുവാദം നൽകിയിട്ടുണ്ട്.

(ബി) കെ.എസ്.ആർ.ടി.സി. അന്യസംസ്ഥാനങ്ങളിൽനിന്ന് വായ്പ എടുത്തിട്ടില്ല.

**കെ.എസ്.ആർ.ടി.സി.-യുടെ സംരക്ഷണം**

335 (2164) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യെ സംരക്ഷിക്കുന്നതിനായി ഈ സർക്കാർ ഏതെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(ബി) കെ.എസ്.ആർ.ടി.സി.-യുടെ നിലവിലെ കടം എത്രയാണെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) M/s Varma&Varma എന്ന സ്ഥാപനത്തെകൊണ്ട് കെ.എസ്.ആർ.ടി.സി.-യെ സംരക്ഷിക്കുന്നതിനായി ഒരു സമഗ്രപഠനം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. തുടർന്ന് ഒരു പുനരുദ്ധാരണ പാക്കേജ് ഗവൺമെന്റ് അംഗീകരിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ വിവിധങ്ങളായ പദ്ധതികൾ നടപ്പാക്കി കോർപ്പറേഷൻ വരുമാനം വർദ്ധിപ്പിച്ച് മുന്നോട്ട് പോകുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 31-10-2015-ലെ കണക്ക് പ്രകാരമുള്ള കെ.എസ്.ആർ.ടി.സി.-യുടെ ആകെ വായ്പ, ബാദ്ധ്യത സംബന്ധിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| സ്ഥാപനം | തുക (കോടിയിൽ) |
|---|---|
| HUDCO | 182.19 |
| KTDFC | 1205.46 (L.T.LOAN)<br>225.12 (S.T.LOAN) |
| LIC | 65.00 |
| KST 133 | 7.90 |
| DCB PLKD | 166.90 |
| DCB EKM | 86.59 |
| KSPIFC | 14.60 |
| TOTAL | 1953.76 |

ഇതിനുപുറമേ സർക്കാർ കെ.എസ്.ആർ.ടി.സി. വായ്പയായി തുക അനുവദിച്ചിട്ടുണ്ട്. 31-10-2015-ലെ കണക്ക് പ്രകാരം 1471.56 കോടി രൂപ സർക്കാരിന് കെ.എസ്.ആർ.ടി.സി. വായ്പാ തിരിച്ചടവിനത്തിൽ നൽകാനുണ്ട്. ടി തുകയിൽ 2013-14 വരെ കെ.എസ്.ആർ.ടി.സി.-ക്ക് അനുവദിച്ചുനൽകിയ 1090.75 കോടി രൂപയുടെ വായ്പ സർക്കാരിന്റെ കെ.എസ്.ആർ.ടി.സി.-യിലുള്ള മൂലധനമാക്കി മാറ്റാമെന്ന് തത്വത്തിൽ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ശേഷിക്കുന്ന സർക്കാരിൽ നിന്നുള്ള വായ്പാ ബാധ്യത 380.81 കോടി രൂപയാണ്.

**റോഡ് ട്രാൻസ്പോർട്ട് ഓഫീസ്**

336 (2165) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആകെ എത്ര റോഡ് ട്രാൻസ്പോർട്ട് ഓഫീസുകളുണ്ടെന്നും, അവ ഏതെല്ലാമാണെന്നും വ്യക്തമാക്കുമോ ;

(ബി) റോഡ് ട്രാൻസ്പോർട്ട് ഓഫീസ് ഇല്ലാത്ത ഏതെങ്കിലും താലൂക്ക് നിലവിലുണ്ടോ ; എങ്കിൽ അവ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly